# ജനസമ്പർക്ക പരിപാടി: തുടർ നടപടികൾ ഉണ്ടാവും – മുഖ്യമന്ത്രി

ജില്ലതോറും നടത്തുന്ന ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച പരാതികളിന്മേൽ തുടർ നപടി എടുക്കുമെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി പ്രസ്താവിച്ചു. കളക്ടറേറ്റിൽ പ്രത്യേകമായി ഒരുക്കിയ വേദിയിൽ പൊതുജന സമ്പർക്ക പരിപാടി ഉദ്ഘാടനം ചെയ്തു സംസാരിക്കുക യായിരുന്നു അദ്ദേഹം. സംസ്ഥാനത്തെ 14 ജില്ലകളിലും പൊതുജന സമ്പർക്ക പരിപാടി കഴിഞ്ഞ ഉടനെ, ബാക്കിയുള്ള പരാതി – അപേക്ഷകളിന്മേൽ ജനങ്ങൾക്ക് അനുകൂലമായി എങ്ങനെ തീരുമാനം എടുക്കാൻ കഴിയുമെന്ന് ആലോചിക്കും. സംസ്ഥാന തലത്തിൽ ഇതു മായി നടത്തുന്ന ചർച്ചയിൽ ഉയർന്ന് വരുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കും. ജനങ്ങൾക്ക് അനുകൂലമായ തീരുമാനങ്ങൾ എടുക്കന്നതിന് നിയമപരമായ ചില തടസ്സങ്ങളുണ്ടാകുന്നു ണ്ട്. ഇത് പരിഹരിച്ച് ജനങ്ങൾക്ക് കൂടുതൽ ആനുകൂല്യങ്ങളും സഹായങ്ങളും ലഭ്യമാ ക്കാൻ ആവശ്യമായ വ്യവസ്ഥകൾ കൊണ്ടുവരും. ഇതുവരെ നടത്തിയ ജനസമ്പർക്ക പരി പാടികൾ ജനങ്ങൾക്ക് എത്രമാത്രം പ്രയോജനപ്പെട്ടു എന്നത് സംബന്ധിച്ച് സോഷ്യൽ ഓഡിറ്റ് നടത്തും.

എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്താൻ സാധിക്കില്ലെങ്കിലും ലഭിക്കുന്ന ഓരോ പരാതിയും പരിശോധിക്കണം. ജനങ്ങളുടെ അപേക്ഷകളിൽ അനുകൂലമായും അനു ഭാവ പൂർണ്ണവും പരിഗണിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് കഴിയണം. ഒരാളുടെ പരാതി പോലും പരിഗണിക്കാതെ പോകരുത്. തീരുമാനങ്ങൾ ജനങ്ങൾക്ക് അനുകൂലമാകാത്തതിന് ഉദ്യോഗസ്ഥരെ കുറ്റപ്പെടുത്തി ഭരണാധികാരികൾ ഒഴിഞ്ഞുമാറുന്നത് ശരിയല്ല. ജനാധിപത്യ വ്യവസ്ഥയിൽ ജനങ്ങൾക്കനുകൂലമായ തീരുമാനങ്ങൾ എടുപ്പിക്കുന്നതിനും അനുകൂലമ ല്ലാത്ത വ്യവസ്ഥകളുണ്ടെങ്കിൽ അവ മാറ്റുന്നതിനുള്ള ആർജ്ജവം രാഷ്ട്രീയ നേതൃത്വം കാണിക്കണം. നിയമങ്ങളിലും ചട്ടങ്ങളിലും കാലോചിതമായ മാറ്റങ്ങൾ വരുത്തിയാൽ മാത്രമേ സർക്കാർ സേവനങ്ങളും ആനുകൂല്യങ്ങളും ജനങ്ങളിലെത്തിക്കാൻ കഴിയുകയുള ളൂ.

ജനസമ്പർക്ക പരിപാടിയിൽ വമ്പിച്ച ജനപങ്കാളിത്തമാണുണ്ടായിട്ടുള്ളത്. ജനങ്ങൾ വരുന്നത് ആരെയും കാണാനല്ല. തങ്ങളുടെ ന്യായമായ കാര്യങ്ങൾ പറയുവാനും അവ പരി ഹരിക്കപ്പെടാനുമാണ് ജനങ്ങളുടെ പ്രശ്നങ്ങൾ നിസ്സാരവൽക്കരിക്കുന്നത് മാറണം. ചട ങ്ങിൽ എൻ എ നെല്ലിക്കുന്ന് എം എൽ എ അദ്ധ്യക്ഷത വഹിച്ചു. എം എൽ എ മാരായ പി ബി അബ്ദുൾ റസാഖ്, കെ കുഞ്ഞിരാമൻ (ഉദുമ), കെ കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), ഇ ചന്ദ്രശേഖരൻ, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് അഡ്വ. പി പി ശ്യാമളാദേവി, മുൻമന്ത്രിമാ രായ സി ടി അഹമ്മദലി, ചെർക്കളം അബ്ദുള്ള ജനപ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി നേതാക്കൾ, ഉദ്യോഗസ്ഥർ പങ്കെടുത്തു.ജില്ലാ കളക്ടർ കെ എൻ സതീഷ് സ്വാഗതം പറ ഞ്ഞു.

### 600 –ഓളം പട്ടയങ്ങൾ വിതരണം ചെയ്തു

ഭൂമി ഇല്ലാത്തവർക്ക് ഭൂമിയും, പട്ടയമില്ലാത്തവർക്ക് പട്ടയവും മുഖ്യമന്ത്രി നൽകി. ഇത്തരത്തിൽ 600 പേർക്കാണ് പൊതുജന സമ്പർക്ക പരിപാടിയിൽ മുഖ്യമന്ത്രി പട്ടയം വിതരണം ചെയ്തത്. കാസർകോട് ഗ്രൂപ്പ് വില്ലേജിലെ ചേരങ്കൈ കടപ്പുറത്തെ ആസ്യുമ്മാക്ക് കടൽ പുറമ്പോക്ക് ഭൂമിയുടെ പട്ടയം വിതരണം ചെയ്തുകൊണ്ടാണ് മുഖ്യമന്ത്രി പട്ടയ വിതരണം ഉദ്ഘാടനം ചെയ്തത്.

### ഷഫീഖിന്റെ കുടുംബത്തിന് സഹായധനം

2009 നവംബർ 15 ന് പോലീസ് വെടിവെപ്പിൽ കൊല്ലപ്പെട്ട ചെറുവത്തൂർ കൈതക്കാട് മുഹമ്മദ് ഷഫീഖിന്റെ പിതാവ് മുസ്തഫ ഹാജിക്ക് മുഖ്യമന്ത്രി അഞ്ചുലക്ഷം രൂപയുടെ ചെക്ക് വിതരണം ചെയ്തു.

### എൻഡോ സൾഫാൻ രോഗികളുടെ ലിസ്റ്റ് കൈമാറി

എൻഡോസൾഫാൻ രോഗികൾക്ക് മംഗലാപുരം യേനപ്പൊയ മെഡിക്കൽ കോളേജിൽ വിദഗ്ധ ചികിൽസ ലഭ്യമാക്കുന്നതിന് രോഗികളുടെ പേരുവിവരങ്ങൾ അടങ്ങിയ സിഡി മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ആശുപത്രി സൂപ്രണ്ട് എം എസ് മുസ്തഫക്ക് കൈമാറി.

## ഗാന്ധിയൻ ആദർശങ്ങൾ ജനങ്ങളിലെത്തിക്കണം– മുഖ്യമന്ത്രി

ഗാന്ധിയൻ ആദർശങ്ങളും ആശയങ്ങളും ജനങ്ങളിലെത്തിക്കാൻ ഒരുമിച്ച് പ്രവർത്തിക്കണമെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി ആഹ്വാനം ചെയ്തു. പെരിയയിൽ ഗാന്ധി സ്മാരക വായനശാല ആന്റ് ഗ്രന്ഥാലയത്തിന്റെ പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഗാന്ധിയൻ തത്വങ്ങളിൽ നിന്ന് വ്യതിചലിക്കുന്നതാണ് ജനങ്ങളിൽ ഇന്ന് കാണുന്ന പ്രവണത. ഇതാണ് രാജ്യം നേരിടുന്ന പ്രധാന പ്രശ്നങ്ങളായ അഴിമതി, വർഗ്ഗീയത, ഭീകരവാദം എന്നിവയ്ക്ക് കാരണം. ഗാന്ധിയൻ രീതികൾ പഴഞ്ചനാണെന്ന ചിന്താഗതിയാണ് ഇന്ന് സമൂഹത്തിലുള്ളത്. ഗാന്ധിസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പുതിയ തലമുറയെ ബോധവൽക്കരിക്കാൻ സമൂഹം മുന്നിട്ടറങ്ങണം.

ചടങ്ങിൽ പി ഗംഗാധരൻ നായർ അദ്ധ്യക്ഷത വഹിച്ചു. ചന്തുമാസ്റ്റർ മെമ്മോറിയൽ ലൈബ്രറി ഹാൾ ഉദ്ഘാടനം കെ കുഞ്ഞിരാമൻ എം എൽ എ (ഉദുമ) നിർവ്വഹിച്ചു. ഇ ചന്ദ്രശേഖരൻ എം എൽ എ ഫോട്ടോ അനാഛാദനം ചെയ്തു. ജില്ലാ കളക്ടർ കെ എൻ സതീഷ് മഹാത്മ ലൈബ്രറി ഹാൾ ഉദ്ഘാടനവും കമ്പ്യൂട്ടർ സിച്ച് ഓൺ കർമ്മവും നിർവ്വ ഹിച്ചു. ടി രാമകൃഷ്ണൻ സ്വാഗതവും പി ശ്രീധരൻ നായർ നന്ദിയും പറഞ്ഞു.